(ഡി) പ്രസ്തുത കരാറനുസരിച്ച് കരാർ കാലയളവിനുള്ളിൽ ചെലവ് വരുന്നില്ല.

കെ.എസ്.ആർ.ടി.സി.യിൽ ഇന്ധനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

89 [553] *ശ്രീ. റോഷി അഗസ്റ്റിൻ:*

" *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇന്ധനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പുതിയതിനെ അപേക്ഷിച്ച് കാലപഴക്കം ചെന്ന ബസ്സുകൾ നിരത്തിൽ ഓടുന്നതുമൂലം അമിതമായ ഇന്ധനനഷ്ടം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വർഷംതോറും എത്ര രൂപയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടാകുന്നത്;

(ഇ) കാലപ്പഴക്കംചെന്ന വാഹനങ്ങൾക്കു പകരം ഇന്ധനക്ഷമതയുള്ള പുതിയവ നിരത്തിലിറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) & (ബി) കെ.എസ്.ആർ.ടി.സി. ഇന്ധനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡ്രൈവർമാർക്ക് ഡ്രൈവിംഗ് മെച്ചപ്പെടുത്തുന്നതിനും തദ്വാര ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനുംവേണ്ടി കെ.എസ്.ആർ.ടി.സി. യുടെ ട്രെയിനിംഗ് സെന്ററിൽ പി.സി.ആർ.എ.യുടെ സഹായത്തോടുകൂടി 28-2-2005 മുതൽ പ്രത്യേക പരിശീലനം നൽകിവരികയാണ്. ഇതിനകംതന്നെ 1021 ഡ്രൈവർമാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ, ഡിപ്പോ അടിസ്ഥാനത്തിൽ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്കും ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും ഇന്ധനക്ഷമത കൈവരിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നുണ്ട്. വാഹനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തി ഇന്ധനക്ഷമത കൈവരുത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതിലേക്കായി "ഡീസൽ ലാഭിക്കുക - 2005" തീവ്രയത്നപരിപാടി ആവിഷ്കരിച്ച് 28-2-2005 മുതൽ നടപ്പാക്കിവരികയാണ്. കൂടാതെ, പത്തിന നിർദ്ദേശങ്ങളടങ്ങുന്ന ആകർഷകമായ സ്റ്റിക്കറുകൾ ഡ്രൈവർക്ക് ശ്രദ്ധിക്കത്തക്ക തരത്തിൽ എല്ലാ ബസ്സുകളിലും പതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) അത് കണക്കാക്കിയിട്ടില്ല.

(ഇ) ഉണ്ട്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1310 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ കൂടിയ പങ്കും കാലപ്പഴക്കം ചെന്ന ബസ്സുകൾക്കു പകരം നിരത്തിലിറക്കുവാനാണ് ഉപയോഗിച്ചത്. ഈ വർഷവും കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ

90 [554] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

„ *വർക്കല കഹാർ:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *വി. ജെ. പൗലോസ്:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളിൽ പാചകവാതകം ഇന്ധനമായി ഉപയോഗിച്ചുവരുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ യന്ത്രസംവിധാനത്തിൽ ആവശ്യമായ മാറ്റംവരുത്തിയശേഷമാണോ ഇങ്ങനെ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വാഹനങ്ങൾക്കാവശ്യമായ പാചകവാതക ഇന്ധനം നൽകുന്ന എത്ര പമ്പുകളുണ്ട്;

(ഡി) ഇത്തരത്തിലുള്ള കൂടുതൽ പമ്പുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിയെടുത്തു;

(ഇ) പാചകവാതകം ഇന്ധനമായി ഉപയോഗിക്കുന്ന ആട്ടോറിക്ഷകളുടെയും കാറുകളുടെയും വാടക കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ എൽ.പി.ജി. ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നിയമവിരുദ്ധമായി പാചകവാതകം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂർണ്ണമായി മാറ്റം വരുത്താതെയാണ് പാചകവാതകം ഉപയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly